പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .161 — 10.12.2012-ൽ മറുപടിക്ക്

## പരവൂർ ഫിഷ് ലാന്റിംഗ് സെന്റർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ഫിഷ് ലാന്റിംഗ് സെന്ററിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | സൗത്ത് പരവൂരിൽ ഒരു മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി തെക്കുഭാഗം പ്രദേശം തിരഞ്ഞെടുക്കുന്നതിനായി അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെന്ററിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തുന്നതിലേക്ക് തുക അനുവദിച്ച് നൽകിയിരുന്നുവോ; എങ്കിൽ എത്ര രൂപയാണെന്നും എന്നാണെന്നും അറിയിക്കുമോ; | (ബി) | 26.12.2008 ലെ ജി.ഒ(ആർ.റ്റി) നമ്പർ 747/08/എഫ്&പി.ഡി ഉത്തരവ് പ്രകാരം ഇൻവെസ്റ്റിഗേഷൻ പഠനത്തിനായി 12 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ഏജൻസികൾ പരിസ്ഥിതി പഠനം നടത്തണമെന്ന ഉത്തരവിനെ തുടർന്ന് 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യത കുറവ് മൂലം ജി.ഒ(ആർ.റ്റി) നമ്പർ 955/12/F&PD തീയതി 09.11.12 പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതിയേ നൽകിയിട്ടുള്ളൂ. എന്നാൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി സംബന്ധിച്ച വിഷയം സർക്കാർ പുന:പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇൻവെസ്റ്റിഗേഷൻ നടപടികൾ എന്നാണ് ആരംഭിച്ചത്; എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയെന്നും, നിലവിലുള്ള പ്രവർത്തനപുരോഗതി എന്താണെന്നും അറിയിക്കാമോ; | (സി) | സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 17.06.2012 ൽ ആരംഭിച്ചിരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വേവ് ഡേറ്റാ കളക്ഷൻ, ഹൈഡ്രോഗ്രാഫിക് സർവ്വേ, ബീച്ച് പ്രൊഫൈൽ, ബീച്ച് ക്രോസ് സെക്ഷൻ എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നാളിതുവരെ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പഠനം 2013 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുന്നതും അതിനുശേഷം പൂനെ ആസ്ഥാനമായുള്ള CWPRS മുഖേന മാതൃകാപഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. 2014 ജനുവരിയോടെ മാതൃകാപഠനം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുശേഷം പരിസ്ഥിതി പഠനം നടത്തി പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ